പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2000-01) യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (മിനറൽ വാട്ടറിന്റെ ഉല്പാദനവും ഗുണനിലവാര നിയന്ത്രണവും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**ഇരുപത്തിമൂന്നാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2000-01) യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (മിനറൽ വാട്ടറിന്റെ ഉല്പാദനവും ഗുണനിലവാര നിയന്ത്രണവും സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

73/2016.

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം സംബന്ധിച്ച് നിരവധി പരാതികളും ആക്ഷേപങ്ങളും പരിസ്ഥിതി സമിതി (2000-01)ക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അതിന്റെ പതിനെട്ടാമത് റിപ്പോർട്ട് (മിനറൽ വാട്ടറിന്റെ ഉല്പാദനവും ഗുണനിലവാരനിയന്ത്രണവും സംബന്ധിച്ച്) 2001 മാർച്ച് മാസം ഒന്നാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 21 ശിപാർശകളാണുണ്ടായിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പുകൾ പരിസ്ഥിതി, തൊഴിലും നൈപുണ്യവും, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തതിനെത്തുടർന്ന് പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതി 14-5-2008-ൽ കൂടിയ യോഗത്തിൽ കേരളത്തിൽ നിലവിലുള്ള മിനറൽ വാട്ടർ കമ്പനികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. മലിനീകരണനിയന്ത്രണ ബോർഡും പരിസ്ഥിതി വകുപ്പും ലഭ്യമാക്കിയ പ്രസ്തുത ലിസ്റ്റ് റിപ്പോർട്ടിൽ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

3. സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

പുതിയതായി തുടങ്ങുന്ന മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലോക്കൽ അതോറിറ്റികൾ ലൈസൻസ് നൽകുന്ന വേളയിൽ ആരോഗ്യ വകുപ്പ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് എന്നിവയിൽ നിന്നും ലഭിച്ച സമ്മതപത്രങ്ങൾ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയതിനുശേഷം മാത്രമേ പ്രസ്തുത അപേക്ഷകൾ പരിഗണിക്കാവൂ എന്ന വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) പരിസ്ഥിതി (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/07/പരി. തീയതി 29-1-2008)

ഒക്ടോബർ 2002-ലെ ജലമലിനീകരണ നിയന്ത്രണ ഭേദഗതി ചട്ടങ്ങൾ പ്രകാരം മിനറൽ വാട്ടർ യൂണിറ്റുകൾ തുടങ്ങുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപനാനുമതി (Consent to establish) നേടേണ്ടതുണ്ട്. തുടർന്ന് യൂണിറ്റുകളുടെ പ്രവർത്തനത്തിനുവേണ്ടിയും പ്രവർത്തനാനുമതി (Consent to operate) ആവശ്യമാണ്. മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഉള്ള യൂണിറ്റുകൾക്കു മാത്രമേ ലൈസൻസ് നൽകാവൂ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് മലിനീകരണനിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

പുതുതായി തുടങ്ങുന്ന മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലോക്കൽ അതോറിറ്റികൾ ലൈസൻസ് നൽകുന്ന വേളയിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ നിന്നുള്ള സമ്മതപത്രം നൽകണം എന്ന നിബന്ധന സ്വാഗതാർഹമാണ്. ഇത് നിഷ്കർഷിക്കേണ്ടത് ലോക്കൽ അതോറിറ്റികളാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

പുതുതായി തുടങ്ങുന്ന മിനറൽ വാട്ടർ പ്ലാന്റുകൾ, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള ലൈസൻസ് എടുത്തതിനുശേഷം മാത്രമേ പ്രവർത്തനം തുടങ്ങാൻ പാടുള്ളൂ. ഈ ലൈസൻസ് നൽകണമെങ്കിൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ (ISI മാർക്ക്) നിർബന്ധമാണ്. അതോടൊപ്പം ലോക്കൽ അതോറിറ്റികളുടെയും Pollution Control Board-ന്റെയും NOC-യും നിർബന്ധമാണ്. ഒരു അംഗീകൃത ലബോറട്ടറിയിൽ നിന്നുള്ള ജലപരിശോധനാ റിപ്പോർട്ടും നിർബന്ധമാണ്. ഇത്രയും മാനദണ്ഡങ്ങൾ പാലിച്ചതിനുശേഷം മാത്രമേ ഉൽപ്പാദനം നടത്താൻ അനുവാദമുള്ളൂ.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 2

പ്രസ്തുത ലൈസൻസ് പുതുക്കുന്നതിനും മേൽ സാക്ഷ്യപത്രങ്ങൾ നിർബന്ധിത മാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/09/പരി. തീയതി 29-1-2008)

മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിപത്രം മൂന്നു വർഷം സാധുതയുള്ളതാണ്. പ്രവർത്തനാനുമതിപത്രത്തിൽ (Consent to operate) പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമേ പ്രവർത്തനാനുമതിപത്രം പുതുക്കി നൽകുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഉള്ള യൂണിറ്റുകൾക്കു മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് മലിനീകരണനിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

നിലവിലുള്ള ലൈസൻസ് പുതുക്കുന്ന കാര്യത്തിലും മേൽ സാക്ഷ്യപത്രം ലോക്കൽ അതോറിറ്റികൾ നിഷ്കർഷിക്കേണ്ടതാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു)

**(സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

ഈ ലൈസൻസുകൾ പുതുക്കാൻ മുകളിൽ പ്രസ്താവിച്ചിട്ടുള്ള നിയമപരമായ മാനദണ്ഡങ്ങൾ ബാധകമാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

മിനറൽ വാട്ടർ യൂണിറ്റാരംഭിക്കുന്നതിനുള്ള ലൈസൻസിംഗ് ഫീസ് 10,000 (പതിനായിരം) രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) പരിസ്ഥിതി (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/09/പരി. തീയതി 29-1-2008)

2002-ലെ ജലമലിനീകരണ നിയന്ത്രണ ചട്ടങ്ങളിൽ മിനറൽ വാട്ടർ യൂണിറ്റുകളെ ഗ്രീൻ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യവസായങ്ങളുടെ മലിനീകരണ സാധ്യതയും മൂലധനവും അടിസ്ഥാനമാക്കിയാണ് മലിനീകരണനിയന്ത്രണ ബോർഡ് കൺസന്റ് ഫീസ് നിജപ്പെടുത്തിയിരിക്കുന്നത്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ലൈസൻസ് ഫീസ് ലോക്കൽ അതോറിറ്റികൾ കൂട്ടേണ്ടതാണ്. ഫാക്ടറി ലൈസൻസ് ഫാക്ടറീസ് ആക്ട് പ്രകാരം നൽകുമ്പോൾ ഫാക്ടറിയിൽ സ്ഥാപിച്ചിരിക്കുന്ന മെഷീനറികളുടെ കുതിരശക്തിയും തൊഴിലാളികളുടെ എണ്ണവും അനുസരിച്ചാണ് ഫീസ് ഈടാക്കുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ ഫീസ് 1,00,000 (ഒരു ലക്ഷം) രൂപയാണ്. ഭക്ഷ്യസുരക്ഷാ ലൈസൻസ് ഫീ 3000-വും പ്ലാന്റിന്റെ ഉല്പാദനശേഷി അനുസരിച്ച് ലോക്കൽ അതോറിറ്റിയും Pollution Control Board-ഉം ഫീസ് ഈടാക്കുന്നുണ്ട്.

(30-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ 4

മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികളും മറ്റു സജ്ജീകരണങ്ങളും മിനറൽ വാട്ടർ നിർമ്മാണ ഫാക്ടറികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ ബന്ധപ്പെട്ട വകുപ്പുകൾ ലൈസൻസ് നൽകാവൂ എന്നൊരു വ്യവസ്ഥയും കൂടി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന കാര്യങ്ങൾ ഫാക്ടറീസ് ആക്ട് പ്രകാരം നടപ്പിലാക്കുവാൻ വ്യവസ്ഥയില്ല. ഇത് നടപ്പിലാക്കുവാൻ മറ്റ് വകുപ്പുകൾ (ഉദാ. ആരോഗ്യ വകുപ്പ്) നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികളും മറ്റ് സജ്ജീകരണങ്ങളും ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിലെ ഉദ്യോഗസ്ഥരും ഫുഡ് സേഫ്റ്റി ഓഫീസർമാരും പരിശോധിച്ച് ബോധ്യപ്പെടുകയും, ഉൽപ്പാദിപ്പിച്ച ജലം ഒരു അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ലൈസൻസ് നൽകാറുള്ളൂ.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5</u>

മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നിറവേറ്റേണ്ട ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) പരിസ്ഥിതി (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/07/പരി. തീയതി 29-1-2008)

ആഹാരസാധനങ്ങളിൽ മായം ചേർക്കൽ തടയുന്ന നിയമമനുസരിച്ചാണ് മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത്. ഈ നിയമം നടപ്പിലാക്കുന്നതിന് ചുമതലയുള്ളത് ആരോഗ്യ വകുപ്പിനാണ്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 143334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് ഗുണനിലവാരം നിയന്ത്രിക്കാനുള്ള സംവിധാനം ഇല്ല. പ്രസ്തുത കാര്യങ്ങൾ മറ്റു വകുപ്പുകൾ ചെയ്യേണ്ടതാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

### (സി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി3/09/തസ്വഭവ തീയതി 26-12-2014)

ആഹാരസാധനങ്ങളിൽ മായം ചേർക്കൽ നിയമം അനുസരിച്ചാണ് മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത്. ഇതിനുള്ള ചുമതല നിയമപ്രകാരം Bureau of Indian Standards-ഉം ഭക്ഷ്യസുരക്ഷാ വകുപ്പിലും നിക്ഷിപ്തമാണ്. നഗരസഭകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ consent to operate-ലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചവയും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ സർട്ടിഫിക്കറ്റും ഗവൺമെന്റ് പബ്ലിക് ലബോറട്ടറീസ് അനലൈസിന്റെ വെള്ളം പരിശോധന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥലത്ത് പോയി ഹെൽത്ത് ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ സംയുക്തമായി പരിശോധിക്കുകയും സാനിട്ടറി കണ്ടീഷൻ തൃപ്തികരമാണെന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നിവരുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടോടുകൂടി കൗൺസിൽ പരിഗണനയ്ക്ക് വയ്ക്കുകയും അനുമതി ലഭിക്കുന്നമുറയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യുന്നു. കൂടാതെ രണ്ട് മാസത്തിലൊരിക്കൽ പീരിയോഡിക്കൽ പരിശോധന നടത്തുകയും ഗുണനിലവാരവും സാനിട്ടറി കണ്ടീഷനും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ഡി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

മിനറൽ വാട്ടറിന്റെ ഗുണനിലവാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിലും വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ഇവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഇടയ്ക്കിടെ സാമ്പിളുകൾ ശേഖരിച്ച്

പരിശോധന നടത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മിനറൽ/കുടിവെള്ള ഉത്പാദകർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6</u>

മിനറൽ വാട്ടർ നിർമ്മാണ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനും മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ചെയർമാൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല സമിതി രൂപീകരിക്കണമെന്നും ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ഫുഡ് ഇൻസ്പെക്ടർ, മലിനീകരണനിയന്ത്രണ ബോർഡിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ജില്ലാതല സമിതികൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) പരിസ്ഥിതി (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/09/പരി. തീയതി 29-1-2008)

ലൈസൻസ് നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികയിൽ പരാമർശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു)

**(സി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

മിനറൽ വാട്ടർ ഭക്ഷ്യപാനീയമായതിനാൽ ആയതിന്റെ ഉല്പാദന ലൈസൻസ് നൽകേണ്ടത് കേന്ദ്ര നിയമമായ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ആയിരിക്കണം. പ്രത്യേക സമിതി രൂപീകരിച്ച് ലൈസൻസ് നൽകുന്നതിന് നിയമസാധ്യത ഉണ്ടായിരിക്കില്ല എന്നുള്ള വിവരം ഫുഡ് സേഫ്റ്റി

കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടാണ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് എന്നുള്ള വിവരം അറിയിക്കുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഡി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ആക്റ്റ്, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ്, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി ആക്റ്റ് ഇവയിൽ, വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ നിയമത്തിന്റെ പിൻബലമില്ലാതെ ജില്ലാതല സമിതികൾ രൂപീകരിക്കുന്നതിന്റെ നിയമസാധുത പരിശോധിക്കേണ്ടതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 7</u>

ലോക്കൽ അതോറിറ്റികൾ, അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ (യൂണിറ്റിന്റെ പേര്, ഉല്പന്നത്തിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി, ഉല്പാദന ക്ഷമത തുടങ്ങിയവ) അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള സംവിധാന മുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ലോക്കൽ അതോറിറ്റികൾ ചെയ്യേണ്ട കാര്യമാണിത്. ഫാക്ടറീസ് ആക്റ്റ് പ്രകാരം ലൈസൻസ് രജിസ്റ്ററിൽ യൂണിറ്റിന്റെ പേര്, ഉല്പന്നത്തിന്റെ പേര്, കുതിരശക്തി, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി3/09/തസ്വഭവ. തീയതി 26-12-2014)

സമിതി ശിപാർശകൾ സർക്കാർ അംഗീകരിച്ചതായി അറിയിക്കുന്നു. മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് നൽകുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കാനും, ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകാനും

5-11-2014 തീയതിയിലെ 9865/ആർ.സി3/09/തസ്വഭവ. നമ്പർ കത്ത് വഴി പഞ്ചായത്ത്/ നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്. ആരോഗ്യ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8

മിനറൽ വാട്ടർ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കകത്തു തന്നെയാണ് അവ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി3/09/ത.സ്വ.ഭ.വ. തീയതി 26-12-2014)

സമിതി ശിപാർശകൾ സർക്കാർ അംഗീകരിച്ചതായി അറിയിക്കുന്നു. മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് നൽകുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കാനും, ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകാനും 5-11-2014 തീയതിയിലെ 9865/ആർ.സി3/09/തസ്വഭവ. നമ്പർ കത്ത് വഴി പഞ്ചായത്ത്/ നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9

മിനറൽ വാട്ടറിന്റെ ഗുണനിലവാര പരിശോധനയിൽ പ്രധാന പങ്ക് വഹിക്കേണ്ട ഫുഡ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ ആ.ക.വ. തീയതി 18-9-2015)

1954-ലെ മായം ചേർക്കൽ നിരോധന നിയമത്തിന് പകരമായി പാർലമെന്റ് പാസ്സാക്കിയ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം രാജ്യത്തുടനീളം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2009 ജൂലൈ 2-ാം തീയതി മുതൽ ആരോഗ്യ വകുപ്പിന്റെ ഭാഗമായിരുന്ന മായം ചേർക്കൽ നിരോധന വിഭാഗത്തെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലാക്കുകയും ആയതിനെത്തുടർന്ന് സർക്കാർ സ്വീകരിച്ച വിവിധ നടപടികളിലൂടെ ഫുഡ് ഇൻസ്പെക്ടർമാരുടെ ഔദ്യോഗിക നാമധേയം നിയമം അനുശാസിക്കും വിധം ഫുഡ് സേഫ്റ്റി ഓഫീസർ എന്ന് ആക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ നിയമസഭാ സമിതി (സബോർഡിനേറ്റ് ലെജിസ്ലേഷൻ) പരിശോധിച്ചതിൽ നിലവിലുണ്ടായിരുന്ന 66 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ തികച്ചും അപര്യാപ്തമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസ് ഉണ്ടാകണമെന്നുള്ള സമിതിയുടെ ശിപാർശകൂടി കണക്കിലെടുത്ത് മുനിസിപ്പൽ കോമൺസർവ്വീസിലെ 32 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ഭരണനിയന്ത്രണം ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുള്ളതും 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതുമാണ്. കൂടാതെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ നിഷ്കർഷിക്കും പ്രകാരം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ യോഗ്യത പുതുക്കി നിശ്ചയിച്ച് പുതുതായി സൃഷ്ടിച്ചതുൾപ്പെടെ നിലവിലുള്ള 80 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.യെ ഇതിനകം അറിയിച്ചിട്ടുള്ളതും ആയതിന്റെ നോട്ടിഫിക്കേഷൻ പി.എസ്.സി. ഇതിനകം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സെലക്ഷൻ നടപടികൾ പൂർത്തിയായി ടി ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നമുറയ്ക്ക് മുഴുവൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെയും ഒഴിവുകൾ നികത്തുവാൻ കഴിയുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ 10

വിപണിയിലുള്ള മിക്ക മിനറൽ വാട്ടർ ബ്രാൻഡുകളും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പേരുകളോട് കൂടിയവയാണ്. അത്തരം പേരുകളും പരസ്യവാചകങ്ങളും മിനറൽ വാട്ടർ ബ്രാൻഡുകൾക്ക് ഉപയോഗിക്കുന്നത് തടയണമെന്നും ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുന്ന വേളയിൽ ഇക്കാര്യം ലോക്കൽ അതോറിറ്റികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി13/09/തസ്വഭവ. തീയതി 26-12-2014)

സമിതി ശിപാർശകൾ സർക്കാർ അംഗീകരിച്ചതായി അറിയിക്കുന്നു. മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് നൽകുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കാനും ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകാനും 5-11-2014 തീയതിയിലെ 9865/ആർ.സി13/09/തസ്വഭവ. നമ്പർ കത്ത് വഴി പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പേരുകളും പരസ്യവാചകങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 2006-ലെ FSS Act പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 11

മിനറൽ വാട്ടറിന്റെ ബ്രാൻഡ് നെയിം ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രസ്തുത മിനറൽ വാട്ടർ നിർമ്മാണത്തിന് അതേ സ്ഥലത്തെ വെള്ളം തന്നെ ഉപയോഗിച്ചിരിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി13/09/തസ്വഭവ. തീയതി 26-12-2014)

സമിതി ശിപാർശകൾ സർക്കാർ അംഗീകരിച്ചതായി അറിയിക്കുന്നു. മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് നൽകുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കാനും, ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി

നടപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകാനും 5-11-2014 തീയതിയിലെ 9865/ആർ.സി3/09/തസ്വഭവ. നമ്പർ കത്ത് വഴി പഞ്ചായത്ത്/ നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(14-1-2015-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

അപ്രകാരം ശ്രദ്ധിക്കുന്നതായിരിക്കും. നിയമലംഘകർക്കെതിരെ FSS Act പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 12</u>

അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച ധാരാളം മിനറൽ വാട്ടർ ബ്രാൻഡുകൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. പ്രസ്തുത ഉല്പന്നങ്ങൾ നിശ്ചിത ഗുണനിലവാരത്തിലുള്ള വയാണോ എന്ന് 6 മാസത്തിലൊരിക്കൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച മിനറൽ വാട്ടർ സാമ്പിളുകൾ കൂടുതലായി എടുത്ത് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനകൾ നടന്നുവരുന്നു.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 13</u>

മിനറൽ വാട്ടർ നിർമ്മാണത്തിന് ഉപയോഗിക്കുന്ന, ജലസ്രോതസ്സും പരിസരവും മലിനീകരണസാദ്ധ്യത ഇല്ലാത്തവയാണെന്ന് 6 മാസത്തിലൊരിക്കൽ പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിന് മലിനീകരണനിയന്ത്രണ ബോർഡ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 17498/എ 3/09/പരി. തീയതി 29-1-2008)

ഇത്തരം പരിശോധനകൾ 6 മാസത്തിലൊരിക്കൽ നടത്താൻ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി എടുത്തിട്ടുണ്ട്.

(14-5-2008-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

സംസ്ഥാനത്തെ നദികൾ, ജലാശയങ്ങൾ, തടാകങ്ങൾ, കായലുകൾ, കിണറുകൾ (തെരഞ്ഞെടുത്തിട്ടുള്ളവ) മുതലായവയിൽ ബോർഡ് മോണിറ്ററിംഗ് യൂണിറ്റുകൾ ഏർപ്പെടുത്തി എല്ലാ മാസവും ജലഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഓരോ വർഷവും ബോർഡ് ക്രോഡീകരിച്ച ജല ഗുണനിലവാര വിവരങ്ങൾ 'Water & Air Quality Directory' ആയി പ്രസിദ്ധീകരിക്കുന്നു.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 14

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകൾ അടിയന്തരമായി അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഖണ്ഡികയിൽ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഫാക്ടറീസ് ആക്ട് പ്രകാരം കഴിയുകയില്ലായെന്ന് അറിയിച്ചുകൊള്ളുന്നു.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ അംഗീകാരമില്ലാതെ മിനറൽ വാട്ടർ യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അടച്ചു പൂട്ടുന്നതിനോടൊപ്പം തന്നെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നതാണ്.

(30-9-2015 -ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 15

മിനറൽ വാട്ടറിന്റെ പരിശോധനാവേളയിൽ ബന്ധപ്പെട്ട നിയമത്തിലെ എല്ലാ ഘടകങ്ങളുടെയും പരിശോധന നടത്തി വേണം അനലിറ്റിക്കൽ ലബോറട്ടറികൾ റിപ്പോർട്ട് നൽകേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

അപ്രകാരം ചെയ്യുന്നതിന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് നിർദ്ദേശം നൽകുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 16

ഏതെങ്കിലും മിനറൽ വാട്ടർ ബ്രാൻഡിലെ വെള്ളം കുടിക്കാൻ യോഗ്യമല്ല എന്ന് പരിശോധനയിൽ വെളിപ്പെട്ടാൽ പ്രസ്തുത ഉല്പന്നത്തിന്റെ വില്പന അടിയന്തരമായി നിരോധിക്കുന്നതിനും ആയത് സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികകളിൽ പറയുന്ന നിർദ്ദേശങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്നവയല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 9865/ആർ.സി3/09/തസ്വഭവ. തീയതി 26-12-2014)

സമിതി ശിപാർശകൾ സർക്കാർ അംഗീകരിച്ചതായി അറിയിക്കുന്നു. മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് നൽകുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കാനും ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകാനും 5-11-2014 തീയതിയിലെ 9865/ആർ.സി.3/09/തസ്വഭവ. നമ്പർ കത്ത് വഴി പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു).

(14-1-2015- ലെ സമിതിയോഗം അംഗീകരിച്ചു)

### (സി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആകുവ. തീയതി 18-9-2015)

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം മിനറൽ വാട്ടർ പരിശോധന നടത്തി ഗുണനിലവാരമില്ല എന്നു കണ്ടെത്തിയാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത ബാച്ച് നിരോധിക്കുകയും അതിന്റെ പത്രക്കുറിപ്പ് നൽകുകയും ചെയ്യുന്നു.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 17</u>

നിരോധിക്കപ്പെട്ട മിനറൽ വാട്ടർ ബ്രാൻഡുകളെപ്പറ്റിയുള്ള വിവരം റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും ടൂറിസ്റ്റ് സെന്ററുകളിലും പ്രദർശിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

### (എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികകളിൽ പറയുന്ന നിർദ്ദേശങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്നവയല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആകുവ. തീയതി 18-9-2015)

പത്രക്കുറിപ്പ് നൽകുന്നതിനോടൊപ്പംതന്നെ നിരോധിക്കപ്പെട്ട മിനറൽ വാട്ടർ ബ്രാൻഡുകളെപ്പറ്റിയുള്ള വിവരം റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും ടൂറിസ്റ്റ് സെന്ററുകളിലും പ്രദർശിപ്പിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 18</u>

മിനറൽ വാട്ടർ ബോട്ടിലുകളിൽ വെള്ളം നിറച്ച തീയതിയും ആയത് എന്നുവരെ ഉപയോഗയോഗ്യമാണെന്ന് രേഖപ്പെടുത്തിയും വേണം വിപണനം നടത്തേണ്ടതെന്നും വ്യവസ്ഥയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികകളിൽ പറയുന്ന നിർദ്ദേശങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്നവയല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

(23-10-2015-ലെ സമിതിയോഗം അംഗീകരിച്ചു)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

Food Safety and Standards (Packaging & Labelling) Regulation-ൽ ഈ വ്യവസ്ഥ നിലവിലുണ്ട്. അത് പാലിക്കാത്ത സ്ഥാപനങ്ങളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 19</u>

മിനറൽ വാട്ടറിന്റെ ഗുണനിലവാരം സംബന്ധിച്ച് മായംചേർക്കൽ നിരോധന നിയമപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ തീർപ്പാക്കുന്നതിൽ ഇപ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

കോടതി വ്യവഹാരങ്ങളിൽ ഉണ്ടാകുന്ന പൊതുവായ കാലതാമസം മായംചേർക്കൽ നിരോധന നിയമപ്രകാരമുള്ള കേസുകളിലും സംഭവിക്കുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ സ്പെഷ്യൽ കോടതികൾ രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. പ്രസ്തുത കോടതികൾ നിലവിൽ വരുമ്പോൾ കേസുകൾ പെട്ടെന്ന് തീർപ്പാക്കാവുന്നതാണ്. കൂടാതെ ജയിൽ ശിക്ഷ ഇല്ലാത്ത കേസുകൾ പുതിയ നിയമപ്രകാരം RDO മാരാണ് തീർപ്പാക്കേണ്ടത്. RDO കോടതികളിൽ കേസുകൾ വേഗത്തിൽ വിധി പറയുന്നു.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 20

റെയിൽവേ സ്റ്റേഷനുകൾ/ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ ഉപയോഗിച്ച മിനറൽ വാട്ടർ ബോട്ടിലുകളിൽ വീണ്ടും വെള്ളം നിറച്ച് വില്പന നടത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തൊഴിലും നൈപുണ്യവും വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികകളിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്നവയല്ല. മേൽപ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിനുകീഴിൽ വരുന്നവയാണെന്ന് കരുതുന്നു.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ ആ.കു.വ. തീയതി 18-9-2015)

അപ്രകാരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 21

മിനറൽ വാട്ടർ നിർമ്മാണ ഫാക്ടറികളിൽ നിന്നും വിപണന കേന്ദ്രങ്ങളിൽ നിന്നും മുന്നറിയിപ്പില്ലാതെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയയ്ക്കാനുള്ള സംവിധാനമുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തൊഴിലും നൈപുണ്യവും വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 14334/ബി2/07/തൊഴിൽ തീയതി 2-4-2008)

ഈ ഖണ്ഡികകളിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്നവയല്ല. മേൽപ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിനുകീഴിൽ വരുന്നവയാണെന്ന് കരുതുന്നു.

(23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12337/ജി1/14/ആ.കു.വ. തീയതി 18-9-2015)

അപ്രകാരം സംവിധാനം നിലവിലുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാർ മിനറൽ വാട്ടർ യൂണിറ്റുകൾ പരിശോധിച്ച് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
2015 ഡിസംബർ 15.

അനുബന്ധം I

# KERALA STATE POLLUTION CONTROL BOARD

## List of Mineral Water/Packaged Drinking Water Units

1. Varuna Aqua Products, Thumba, Thiruvananthapuram
2. S&S Industries, Umayanalloor, Kollam
3. Sukar Industries, Kozhencherry, Pathanamthitta
4. Aiswarya Beverages Company, Thiruvalla, Pathanamthitta
5. Graden Fruit Products, Nedungadappally, Kottayam
6. Macro Industries, Edavetty, Idukki
7. Aiwa Packaged Drinking Water, Perumbavoor, Ernakulam
8. Amritha Drinking Water, Muvattupuzha, Ernakulam
9. Prima Beverages, Erumathala, Ernakulam
10. Everest Mineral Products, IDA, Ernakulam
11. Maseena Hygenics, Perumbavoor, Ernakulam
12. Mount Valley Aqua Minerals, Ernakulam
13. Nest Foods & Beverages Corporation, Marampilly, Ernakulam
14. Ganga Products, Valayanchirangara, Ernakulam
15. Pure Packaged Drinking Water, Thiruvankulam, Ernakulam
16. Kairali Minerals & Beverage, Rayamangalam, Ernakulam
17. Rainbow Packaged Drinking Water, Kolenchery, Ernakulam
18. Kings Valley Packaged Drinking Water & Club Soda, Neriyamangalam, Ernakulam
19. Amazon Minerals & Aqua Products, Marampilly, Ernakulam

20. Loyal Foods & Beverages IDA, Ernakulam
21. Thejus Minerals, Perumbavoor, Ernakulam
22. Foods & Beverages Integral Processors Ltd., Ernakulam
23. Good Will Aqua NAD, Aluva, Ernakulam
24. Gowell Soft Drinks, Kodakara, Thrissur
25. Saj Minerals, Kodakara, Thrissur
26. Blue Valley Aqua Mineral, Irinjalakuda, Thrissur
27. TRV Aqua Aprings, Konnakuzhy, Thrissur
28. Valley Drops, Chalakkudy, Thrissur
29. Water Line Industries, Mala, Thrissur
30. Nirmal Industries, Elavally, Thrissur
31. N. M. Minerals India Pvt. Ltd., Mannuthy, Thrissur
32. Pepsico India Holdings Pvt. Ltd., Kanjikode, Palakkad
33. J & J Minerals Pvt. Ltd., Agali, Palakkad
34. Surabhi Aqua Minerals (P) Ltd., Kinassery, Palakkad
35. Silver line Minerals (P) Ltd., Kanjikode, Palakkad
36. Al Jeema Mineral Water Bottling Unit, Payyoli Bazar, Kozhikode
37. Wave Aqua Products, Karanthur, Kozhikode
38. Malabar Mineral Water and Pet Bottles, Thiruvambadi, Kozhikode
39. Amma Mineral Water Unit, Mananthavady, Wayanad
40. M.B.A. Enterprises, Paraklai, Kasaragod.

അനുബന്ധം II

## കേരള സർക്കാർ

നമ്പർ 9865/ആർ.സി.3/2009/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്
തിരുവനന്തപുരം, തീയതി 5-11-2014.

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സർ,

വിഷയം:—തദ്ദേശസ്വയംഭരണ വകുപ്പ്—പരിസ്ഥിതി സമിതി (2000-2001) 18th റിപ്പോർട്ട്—ശിപാർശ സംബന്ധിച്ച്

സൂചന:—1. പഞ്ചായത്ത് ഡയറക്ടറുടെ 26-8-2014 തീയതിയിലെ സി4-33671/14 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 19-9-2014 തീയതിയിലെ DC1/15717/14/ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിസ്ഥിതി സമിതിയുടെ 2000-2001-ലെ 18-ാമത് റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ താഴെപ്പറയുന്നവയാണ്:

1. ലോക്കൽ അതോറിറ്റികൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ (യൂണിറ്റിന്റെ പേര്, ഉല്പന്നത്തിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി, ഉല്പാദനക്ഷമത തുടങ്ങിയവ) അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. മിനറൽ വാട്ടർ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിക്കകത്തുതന്നെയാണ് അവ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. വിപണിയിലുള്ള മിക്ക മിനറൽ യൂണിറ്റ് പ്ലാന്റുകളും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പേരുകളോടുകൂടിയവയാണ്. അത്തരം പേരുകളും പരസ്യവാചകങ്ങളും മിനറൽ വാട്ടർ ബ്രാന്റുകൾക്ക് ഉപയോഗിക്കുന്നത് തടയണമെന്നും ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുന്ന വേളയിൽ ഇക്കാര്യം ലോക്കൽ അതോറിറ്റികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. മിനറൽ വാട്ടറിന്റെ ബ്രാന്റ് നെയിം ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രസ്തുത മിനറൽ വാട്ടർ നിർമ്മാണത്തിന് അതേ സ്ഥലത്തെ വെള്ളം തന്നെ ഉപയോഗിച്ചിരിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഏതെങ്കിലും മിനറൽ വാട്ടർ ബ്രാന്റിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലായെന്ന് പരിശോധനയിൽ വെളിപ്പെട്ടാൽ പ്രസ്തുത ഉല്പന്നത്തിന്റെ വില്പന അടിയന്തരമായി നിരോധിക്കുന്നതിനും ആയത് സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സമിതിയുടെ മേൽപരാമർശിച്ച ശിപാർശകൾ അംഗീകരിച്ചതായി അറിയിക്കുന്നു. ഭാവിയിൽ മിനറൽ വാട്ടർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് നൽകുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കാനും ശിപാർശകളിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതാണെന്നുമുള്ള വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

കെ. കെ. രാജഗോപാലൻ നായർ,
*ഡെപ്യൂട്ടി സെക്രട്ടറി,*
*പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.*